WEDNESDAY 22-12-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 22/12/2021

1. തിരുവനന്തപുരം ജില്ല പ്രിൻസിപ്പൽ കൃഷിഓഫീസിലെ ഇ-ഓഫീസ് ഉദ്ഘാടനം ഇന്ന് (22.12.2021) ഉച്ചയ്ക്ക് 2 മണിക്ക് കൃഷിമന്ത്രി പി. പ്രസാദ് നിർവഹിക്കും.

2. കാർഷിക വിജ്ഞാന വിപണന കേന്ദ്രം വേങ്ങേരിയുടെ നേതൃത്വത്തിൽ കാർഷിക സർവ്വകലാശാലയിലെ അവസാന വർഷ വിദ്യാർത്ഥികൾ നാളെ (23.12.2021-നു) രാവിലെ 9 മണി മുതൽ ഉച്ചക്ക് 12 മണി വരെ **അഗ്രിക്ലിനിക്** സംഘടിപ്പിക്കുന്നു. കാർഷിക ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന ഈ പരിപാടിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 50 കർഷകർക്ക് കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് പങ്കെടുക്കാം. കീട രോഗ നിർണ്ണയം നടത്തുന്നതിനായി ചെടിയുടെ കീടരോഗം ബാധിച്ച ഭാഗം കൊണ്ടു വരേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിനായി **9562857042, 8330062545, 7034651393** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രത്തിൽ നിന്നും പച്ചക്കറി വിളകളിൽ കീട-രോഗ പ്രതിരോധത്തിനും വളർച്ച ഉത്തേജിപ്പിക്കുന്നതിനും നന്നായി പൂവിടുന്നതിനും പ്രയോഗിക്കാവുന്ന വിവിധ ജൈവ ഉത്പന്നങ്ങൾ ലഭ്യമാണ്. നന്നായി പൂവിടുന്നതിനും, കായ് വളർച്ച മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കാവുന്ന **കെ-അമിനോ, കെ-ബൂസ്റ്റർ,** കീടങ്ങളെ അകറ്റി നിർത്താൻ സഹായിക്കുന്ന **കെ-ഡോൺ,** രോഗപ്രതിരോധത്തിനു സഹായിക്കുന്ന **കെ-മാസ്ക്ക്,** എന്നീ ഉത്പന്നങ്ങൾ കർഷകർക്ക് കീടനിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബോറട്ടറിയിൽ നിന്നും വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496764141** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും റാബി 2021 സീസണിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ഡിസംബർ 31** ആണ്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ, (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക് തുടങ്ങിയ പച്ചക്കറികൾ എന്നീ വിളകളാണ്

വിജ്ഞാപനം ചെയ്തിട്ടുള്ളത്. പദ്ധതികളിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ ഏറ്റവും അടുത്തുള്ള അക്ഷയ/സിഎസ്സി കേന്ദ്രങ്ങൾ, അംഗീകൃത മൈക്രോ ഇൻഷുറൻസ് ഏജന്റുകൾ എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷയോടൊപ്പം നിശ്ചിത പ്രീമിയവും ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, നികുതി/പാട്ടച്ചീട്ട് എന്നിവയുടെ കോപ്പികളും സമർപ്പിക്കേണ്ടതാണ്. കർഷകന് നേരിട്ട് ഓൺലൈനായും www.pmfby.gov.in എന്ന പോർട്ടൽ മുഖാന്തിരം ചേരാവുന്നതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്തിട്ടുള്ള കർഷകരെ അതാത് ബാങ്കുകൾക്ക് ചേർക്കാവുന്നതാണ്. ഇതിനായി കർഷകർ പ്രത്യേകം അപേക്ഷാഫോറം സമർപ്പിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള കൃഷിഭവനുമായോ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ റീജിയണൽ ഓഫീസുമായോ **1800 –425–7064** എന്ന ടോൾ ഫ്രീ നമ്പരുമായോ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കിസാൻ ദിവസ് ആഘോഷവുമായി ബന്ധപ്പെട്ട് ഈ മാസം 23-ന് (ഡിസംബർ 23) രാവിലെ 10.30 മണിയ്ക്ക് **'പരിസ്ഥിതി സൗഹൃദ കീട നിയന്ത്രണം – വാഴയിൽ'** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കേരള കാർഷിക സർവകലാശാല കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ക്ലാസ് നയിക്കുന്നു. ക്ലാസ്സിന്റെ രജിസ്ട്രേഷനായി **9400483754** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

6. വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ജനുവരി മാസം 04, 05 തീയതികളിൽ **പഴം–പച്ചക്കറി സംസ്കരണം** എന്ന വിഷയത്തിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 500 രൂപയാണ്. താൽപര്യമുള്ളവർ **8848420984, 9495118208** എന്നീ നമ്പരുകളിലോ, **8848420984** എന്ന വാട്ട്സാപ്പ് നമ്പരിലൂടെയോ, tssvellayni@kau.in എന്ന ഇ-മെയിൽ വിലാസത്തിലൂടെയോ, കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ്/കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ഓഫീസിൽ നേരിട്ടോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി ഡിസംബർ അവസാന വാരം **"കറവപ്പശു പരിപാലനം"** എന്ന വിഷയത്തിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 24-ന് (24/12/2021 ന്) 5 മണിയ്ക്ക് മുമ്പ് **0494-2962296, 8089293728** എന്ന നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ മൂന്നു ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സിൽ ചേരാൻ താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പരിലോ **7306464582** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

9. വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെ കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കാർഷിക മേഖലയിലെ സംരംഭകർക്ക് ദിശാബോധം നൽകുന്നതിനും ആസൂത്രണം, നിർവ്വഹണം, വിപണനം, എന്നിങ്ങനെ സംരംഭകത്വത്തിന്റെ പ്രാഥമിക പാഠങ്ങൾ സ്വായത്തമാക്കുന്നതിനുള്ള **പാഠശാല – ഫാം ബിസിനസ്സ് സ്കൂൾ (നാലാമത്തെ ബാച്ച്)** ആരംഭിക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ പത്തു ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടിയായിട്ടാണ് ഫാം ബിസിനസ്സ് സ്കൂൾ നടത്തുക. കൂടാതെ രണ്ടു ദിവസത്തെ പ്രാക്ടിക്കൽ ക്ലാസുകൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ഓരോ ബാച്ചിലും 20 സംരംഭകർക്കാണ് പരിശീലനം നൽകുന്നത്. ഫാം ബിസിനസ്സ് സ്കൂളിന്റെ നാലാമത്തെ ബാച്ച് 2022 ജനുവരി 10 മുതൽ ആരംഭിക്കുന്നതാണ്. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഹയർസെക്കന്ററി. 2500 രൂപയാണ് അപേക്ഷ ഫീസ്. അപേക്ഷ നൽകേണ്ട അവസാന തിയതി **ജനുവരി 03.** https://forms.gle/LEHTjK7M68FoMvE27 എന്ന രജിസ്ട്രേഷൻ ലിങ്കിലൂടെ പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് www.kau.in / www.cti.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0487-2371104** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.